
# കുടിക്കുന്ന വെള്ളത്തിൽപോലും വിശ്വസിക്കാനാവാത്തവർ

സി.ആർ. നീലകണ്ഠൻ

## ജലനിധിയും ഒരു ചതിയായിരുന്നോ?-അന്വേഷണം തുടരുന്നു. ഇടപെടുക.

**ജലം** സംബന്ധിച്ചുള്ള ലോകബാങ്കിന്റെ നിലപാടെന്താണെന്ന് ഇനി ആർക്കും വിശദീകരിച്ചുകൊടുക്കേണ്ടതില്ലെന്നു പറയാം. 'ഘടനാപരമായ പരിഷ്കാരങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്ന സാമ്രാജ്യത്വ ആഗോളവൽക്കരണം ലോകമാകെ വ്യാപിപ്പിക്കാൻ വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ട (ഐ.എം.എഫ്., ഏ.ഡി.ബി., ലോക വ്യാപാര സംഘടന തുടങ്ങിയവ പോലെ) ഒന്നാണല്ലോ ലോകബാങ്കും. ഐടിയുടെയും മറ്റും ഓഹരികൾക്ക് വൻ തകർച്ചയുണ്ടായപ്പോൾ ഈ ബാങ്ക് ഉപദേശിച്ചു: "ഇനി നിങ്ങൾ (വൻകിട കുത്തകകൾ) പണം ജലത്തിലിറക്കുക'' എന്ന്. അതിന്റെ ഫലം നാം കണ്ടു. ഐക്യരാഷ്ട്ര സംഘടന ലോകബാങ്ക് അത് അൽപം മാത്രം തിരുത്തുന്നു. ''ജലം മനുഷ്യന്റെ ഒരാവശ്യമാണ്'' എന്ന്. ഒറ്റനോട്ടത്തിൽ ഇതു ശരിയല്ലേ? വെള്ളം 'ആവശ്യമില്ലാത്ത' ആരുമില്ലല്ലോ. പക്ഷെ കമ്പോളാധിഷ്ഠിത സമൂഹത്തിൽ 'ആവശ്യം' (ഡിമാന്റ്) എന്നതിന് വെറും 'ആവശ്യം' എന്ന അർത്ഥമല്ല ഉള്ളത്. 'വിലകൊടുത്തു വാങ്ങാൻ ശേഷിയുള്ളവരുടെ ആവശ്യം' എന്നാണ്. ഇന്ത്യയിലെ കമ്പോളത്തിൽ കാറിന്റെ ഡിമാന്റ് (ആവശ്യം) എത്രയെന്നു ചോദിച്ചാൽ 'ഒരു കുടുംബത്തിനൊറു കാറ്' എന്ന കണക്കുവെച്ച് 20 കോടി കാറുകൾ എന്നാരും പറയില്ല. കാരണം കാർ വാങ്ങാൻ ശേഷിയുള്ള 5-10 ശതമാനം (ഇതും കടക്കെണിയിൽ പെട്ട് മാത്രം) വരുന്നവരുടെ എണ്ണമേ 'ആവശ്യ'ക്കാരുടേതായി കണക്കാക്കുകയുള്ളൂ. എന്നാൽ കാറ് പോലെ അല്ലല്ലോ വെള്ളം. കാശു കൊടുക്കാൻ കഴിയാത്തവർ 'ആവശ്യക്കാർ' അല്ലാതാകുന്നു. ഫലത്തിൽ വെള്ളത്തിന് അർഹതയില്ലാത്തവരാകുന്നു. ദേശീയ ജലനയവും ഏഡിബി രേഖകളും കേരളത്തിലെ സർക്കാരുകളുടെ 'ജല വിതരണ രംഗത്തെ പരിഷ്കാര'ങ്ങളും ഈ ലോകബാങ്ക് നയത്തിനനുസൃതമായാണ്. ലോകവ്യാപാര സംഘടനയുടെ പരിഗണനയിലിരിക്കുന്ന നാറ്റ്സ് (സേവനമേഖലകളിലെ വ്യാപാരത്തിനുള്ള (ഗാട്ട്) കരാർ) പ്രധാനമായും ലക്ഷ്യമാക്കുന്നത്. ജലവിതരണരംഗത്തെ മൂലധന നിക്ഷേപ സാദ്ധ്യതകളുടെ ഉദാരവൽക്കരണമാണ്. ഈ നയത്തിന്റെ ഏറ്റവും പ്രകടിതരൂപമാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'ജലനിധി'. ഈ പദ്ധതി ആദ്യഘട്ടത്തിൽ പ്രചരിക്കപ്പെടുമ്പോൾ അതിൽ ലോകബാങ്കിന്റെ പങ്ക് മറച്ചുവെച്ചു. ഇന്തോനേഷ്യ, ചൈന, ബൊളീവിയ, ഘാന, പരാഗ്വേ തുടങ്ങിയ രാജ്യങ്ങളിൽ നടത്തിയ പരീക്ഷണങ്ങളുടെ അനുഭവമാണ് ഗ്രാമീണ ജലവിതരണ ശുചിത്വ പദ്ധതിയെന്ന പേരിൽ ഇത് ലോകബാങ്ക് തന്നെ പറയുന്നു. കേരളത്തിൽ 'ജനപങ്കാളിത്ത വികസനം' നടപ്പിലാക്കിയതിന്റെ അനുഭവപാഠവും (അതിന്റെ മറവിൽ ഒരുക്കിയ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലും) ഇതിന് വഴികാട്ടിയായി. 'സ്വാശ്രയാടിസ്ഥാനത്തിലുള്ളതും പണം തിരിച്ചു പിടിക്കാവുന്നതുമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക'യെന്ന നയത്തിന് 'രാഷ്ട്രീയ പിന്തുണ ഉറപ്പാക്കുക' എന്ന ലക്ഷ്യം ലോകബാങ്ക് മറച്ചുവയ്ക്കുന്നില്ല. എന്നാൽ നമ്മുടെ സർക്കാരുകൾ ഇതു പറയുന്നില്ല. 'ജനപങ്കാളിത്തം' എന്ന മറവിൽ സർക്കാർ അപ്രത്യക്ഷമാകുന്നു. പകരം 'ജലമെന്ന ചരക്ക്' കമ്പോളത്തിലെത്തുന്നു.



കേരള സർക്കാരിന്റെ ജലവിഭവ വകുപ്പിന്റെ 16-1-2003 ലെ 6-ാം ഉത്തരവ്

തിരുവിതാംകൂർ കൊച്ചി ചാരിറ്റബിൾ സൊസൈറ്റി നിയമമനുസരിച്ച് (സാധാരണ ഏതു ക്ലബ്ബും മറ്റും പോലെ) രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കെ.ആർ.ഡബ്ലിയു.എസ്.എ. (കേരള ഗ്രാമീണ ജല വിതരണ ശുചിത്വ ഏജൻസി) യാണ് സംസ്ഥാനമാകെ ഈ പദ്ധതി നടപ്പിലാക്കുന്നത്. 'രാഷ്ട്രീയ ഇടപെടൽ' ഒഴിവാക്കാനെന്ന പേരിൽ ജനാധിപത്യസംവിധാനങ്ങളെയാകെ ഒഴിവാക്കുന്നു. ഇതിന് സംസ്ഥാന ജില്ലാതലത്തിൽ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റുകളുണ്ട്.

ഇതിനു കിട്ടുന്ന പണം ലോകബാങ്ക് നൽകുന്ന ഗ്രാന്റ് ആണെന്ന അസത്യ പ്രചരണം വ്യാപകമാണ്. 35 വർഷം

കൊണ്ട് 9 ശതമാനം (ഡോളർ) പലിശ സഹിതം അടച്ചു തീർക്കേണ്ട വായ്പയാണിത്. ലോകത്ത് എവിടെ കിട്ടുന്ന തിനേക്കാൾ വൻ പലിശയ്ക്കാണ് ഇവർ ഇവിടെ പണം നൽകുന്നത് (അന്താരാഷ്ട്ര നിരക്ക് ഒന്നുരണ്ടും ശതമാനം മാത്രം) മൊത്തം 450 കോടി രൂപയാണ് മൊത്തം പദ്ധതി ചെലവ്. ഇതിന്റെ 15 ശതമാനം ഗുണഭോക്തൃസമിതികളും 10 ശതമാനം ഗ്രാമപഞ്ചായത്തും നൽകണം. ഈ തുകയുടെ 47 ശതമാനത്തിലധികം വരുന്ന സംഖ്യ പദ്ധതിയേതര ചെല വുകൾക്കാണ് വിനിയോഗിക്കുന്നത്. സെമിനാർ, ശില്പശാല തുടങ്ങി ആഡംബര പരിപാടികളിലുടെയാണ് 'ബോധ വൽക്കരണം' നടക്കുന്നത്. ലോകബാങ്ക്, കെ.ആർ.ഡബ്ലിയു. എസ്.എ. തുടങ്ങിയവയിലെ 'ഉദ്യോഗസ്ഥർ' ക്കുള്ള പഞ്ച നക്ഷത്ര സൗകര്യം ഈ ചെലവിൽപെടുന്നു. നമ്മുടെ മുഴു വൻ പേരിലെടുക്കുന്ന വായ്പാപണമാണ് ധൂർത്തടിക്കുന്ന തെന്നത് പ്രധാനപ്പെട്ട ഒരു വസ്തുതയാണ്.

ഒരു പഞ്ചായത്തിൽ 25ഉം അതിലേറെയും ഗുണഭോക്തൃ സമിതികളുണ്ടാക്കി അവർക്കോരോന്നിനും വ്യത്യസ്തമായ ജലസ്രോതസ്സുകളും വിതരണസംവിധാനങ്ങളും നിർമ്മിക്കു കയെന്നതാണ് പദ്ധതി. നടത്തിപ്പ് ചെലവ് പൂർണമായും ഗുണഭോക്താക്കൾ വഹിക്കണം. ഓരോ പഞ്ചായത്തിലും (ലോകബാങ്ക് അംഗീകരിക്കുന്ന) ഒരു എൻജിഒയെ 'പിന്തുണാ സംഘടന' (സപ്പോർട്ടിങ്ങ് ഓർഗനൈസേഷൻ -എസ്.ഒ) യായി നിയമിക്കുന്നു. മൊത്തം ചെലവിന്റെ 10 ശതമാനം ഇവർക്കാണ് കിട്ടുകയെന്നതിനാൽ ഇത്തരം 'സാമൂഹ്യ പ്രവർത്തകർ'ക്ക് ക്ഷാമമുണ്ടാവില്ല. വിദേശ ഫണ്ടി നെയും മറ്റും പറ്റി ഒട്ടനവധി വിവാദങ്ങളും സംവാദങ്ങളും നടന്നിട്ടുള്ള കേരളത്തിൽ ഇത്തരമൊരു വലിയ കെണിയു ണ്ടായ കാര്യം മാധ്യമങ്ങളും തീവ്ര ഇടതുപക്ഷക്കാരു പോലും കണ്ടില്ല. 'കുടിവെള്ളത്തിനായ് കേഴുന്നവർക്ക് അൽപം ആശ്വാസമാകുമല്ലോ' എന്ന മറയുടെ ബലത്തി ലാണ് ഈ അധിനിവേശം നടന്നത്.

ഒരു പദ്ധതി ലോകബാങ്ക് വായ്പ വാങ്ങി ചെയ്യുന്നുവെ ന്നതുകൊണ്ട് അതിനെ 'താത്വികമായി' എതിർക്കുകയല്ല. ഈ പദ്ധതി കേരളത്തിന്റെ കുടിവെള്ള മേഖലയിൽ നട ത്തുന്ന പരിപാടികൾ, അക്ഷരാർത്ഥത്തിൽ തന്നെ സാമ്രാ ജ്യത്വ നിർദ്ദേശങ്ങളനുസരിച്ചുള്ള, 'ഘടനാപരമായ പരിഷ്കാ രങ്ങൾ' ആണ് എന്നതിനാലാണ് അതിനെ എതിർക്കേണ്ടി വരുന്നത്. സേവനമേഖലകളിൽ ഇനിമേൽ സർക്കാർ (സ്ഥാ പനങ്ങൾ) ഇടപെടേണ്ടതില്ലെന്നും അവിടെ സ്വകാര്യമൂലധ നത്തിന് പ്രവേശനം നൽകണമെന്നുമുള്ളതാണ് ഈ നയ ത്തിന്റെ കാതൽ. ജലം വില നൽകാതെ ലഭ്യമാക്കാനാവില്ല' എന്നതാണ് ഇതിന്റെ സൂക്ഷ്മാർത്ഥം. കേരള സർക്കാരിന്റെ ജലവകുപ്പ് 2003 ജനുവരി 16-ന് ഇറക്കിയ ഉത്തരവ് (നമ്പർ GO (M.S) No. 6/2003/WRD) ഇതിൽ നിർണായകമായ ഒന്നാണ്. പ്രാദേശിക ജലവിതരണ പദ്ധതികൾ (ഒരു പഞ്ചാ യത്തിൽ മാത്രമായി പ്രവർത്തിക്കുന്നവ) ഇപ്പോൾ നടപ്പിലാ ക്കുന്നത് കേരള വാട്ടർ അതോറിറ്റി (KWA) ആണ്. അത്തരം പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി പ്രാദേശിക ഗുണഭോക്തൃ സമിതികൾക്കു കൈമാറാനുള്ളതാണ് ഉത്ത രവ്. ജലനിധി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിലെ പദ്ധതികൾ കൈമാറാൻ വാട്ടർ അതോറിറ്റിയിലെ എക്സി ക്യൂട്ടീവ് എൻജിനീയർമാർക്ക് പിന്തുണാ സംഘടന (എസ് ഒ) എന്നിവരുമായി സഹകരിച്ച് നിലവിലുള്ള പദ്ധതികളുടെ ഇന്നത്തെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കു വാനും അഞ്ചുമാസത്തിനകം അവ കൈമാറാനും ഉത്തര വിൽ പറയുന്നു. അഞ്ചുമാസം തീരുന്നതിനകം വാട്ടർ അതോറിറ്റി ഇത്തരം പദ്ധതികളിൽ നൽകാനുള്ള കുടിശ്ശി ഖകൾ നൽകണമെന്നും എല്ലാ രേഖകളും (പിരിഞ്ഞു കിട്ടാ നുള്ള തുകയുടെ കണക്കടക്കം) കൈമാറാനും വൈദ്യുതി കണക്ഷൻ പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റുവാനും ഈ നടപടിക്രമങ്ങളെപ്പറ്റി എല്ലാ ഉപഭോക്താക്കളേയും ബോദ്ധ്യ പ്പെടുത്താനും അവരിൽനിന്ന് ഏതെങ്കിലും മുൻകൂർ തുക വാങ്ങിയിട്ടുണ്ടെങ്കിൽ തിരിച്ചുനൽകാനും ഉത്തരവിൽ പറ യുന്നു. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്ക ലാണിതിന്റെ ലക്ഷ്യം എന്നും പറയുന്നതിനോടൊപ്പം വളരെ തന്ത്രപരമായി മറ്റൊരു നിർദ്ദേശവും നൽകുന്നു. പദ്ധതികൾ ഗുണഭോക്തൃസമിതികൾക്കു കൈമാറിക്കഴിഞ്ഞാൽ പിന്നെ അവർയ്ക്ക് വേണ്ടി ഒരു പൈസപോലും (ആ പദ്ധതികളുടെ പ്രവർത്തനം, മെയിന്റനൻസ് മുതലായവക്ക്) നൽകാൻ പഞ്ചായത്തിന് അധികാരമില്ല എന്നതാണ് ഈ നിർദ്ദേശം.

എന്താണ് ഈ ഉത്തരവിന്റെ പ്രത്യാഘാതങ്ങൾ എന്ന കാര്യം അധികം വിശദീകരിക്കേണ്ടതില്ല. വാട്ടർ അതോറി റ്റിയെ ജലവിതരണരംഗത്തുനിന്നും പരമാവധി മാറ്റിനിർത്തു കയെന്നതാണ് പ്രത്യക്ഷമായ കാര്യം. ഗ്രാമപഞ്ചായത്തു കൾക്കു കൈമാറുന്നുവെന്ന പേരിൽ, യഥാർത്ഥത്തിൽ കൈമാറുന്നത്, ഗുണഭോക്തൃ സമിതികൾക്കാണ്. വാട്ടർ അതോറിറ്റി സൃഷ്ടിച്ചത് 'പൊതുപണം' ഉപയോഗിച്ചാണ്. അത് ഒറ്റയടിക്ക് കുറച്ചുപേരുടെ 'ആസ്തി'യാക്കി മാറ്റുന്നു. (ആസ്തിയോടൊപ്പം ഉത്തരവാദിത്തവുമാകുന്നു). പൊതു സ്ഥാപനത്തിന്റെ ഉടമസ്ഥതയിലായിരിക്കുന്നിടത്തോളം മാത്രമേ ഈ സംവിധാനത്തിന് 'പൊതുസേവനം' നൽകാ നുള്ള ഉത്തരവാദിത്തമുള്ളൂ. ഇവരുടെ ഏറ്റവും പ്രധാന പൊതുസേവനം പൊതു ജലവിതരണ ടാപ്പുകളാണ്. 'സ്വകാര്യ ഗുണഭോക്തൃ സമിതി'കൾക്ക് പൊതുടാപ്പുകൾ നിലനിർത്താൻ ബാധ്യതയില്ല. നൂറുകുടുംബങ്ങൾ ചേർന്നു പ്രവർത്തിക്കുന്ന (അതിന്റെ വൈദ്യുതചാർജ്ജ് അടക്കമുള്ള പ്രവർത്തന ചിലവു നൽകുന്ന) പദ്ധതിയിൽനിന്ന് 'ആർക്കും' വെള്ളമെടുക്കാവുന്ന പൊതുടാപ്പുകൾ പ്രവർത്തിപ്പിക്കാൻ അനുവദിക്കുമോ ? ഇതുപോലെത്തന്നെ ഈ ജലവിതരണ ശൃംഖലയിൽനിന്നും വെള്ളം കിട്ടുന്ന പൊതുസ്ഥാപനങ്ങൾ (ആശുപത്രി, സ്കൂൾ, സർക്കാർ ഓഫീസുകൾ മുതലായ വ) ഇനിമേൽ വെള്ളം കിട്ടാൻ ഗുണഭോക്തൃ സമിതിയിൽ ചേരണം. അഥവാ അതിനു പണം നൽകണം. പഞ്ചായത്ത് യാതൊരു വിധത്തിലും സഹായിക്കരുതെന്നു പറയുന്ന തോടെ 'ഇതു പഞ്ചായത്തിനു കൈമാറുന്നു' എന്ന പ്രഖ്യാ പനം പൊള്ളയാകുന്നു.

വാട്ടർ അതോറിറ്റിയാകുമ്പോൾ, ജലവിതരണത്തിനു വരുന്ന 'മുഴുവൻ ചിലവും തിരിച്ചു പിടിക്കാ'റില്ല. എന്നാൽ ഗുണഭോക്തൃ സമിതികൾക്കിതാകില്ല. അതിലൂടെ 'ഫുൾ കോസ്റ്റ് റിക്കവറി' എന്ന ലോകബാങ്ക് തത്വം എല്ലാ അർത്ഥ ത്തിലും നടപ്പിലാകുന്നു. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ജലനിധി വഴി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾക്കുമുണ്ട്. പക്ഷെ നിലവിൽ കുടിവെള്ളം കിട്ടിയിരുന്നവരെകൂടി അതു കിട്ടാ ത്തവരാക്കുന്നുവെന്നതാണ് ഈ ഉത്തരവിന്റെ പ്രശ്നം.

ഇവിടെ ജലം നിഷേധിക്കപ്പെടുന്നത്, സ്വന്തമായി പൈപ്പ് ലൈൻ എടുക്കാൻ ശേഷിയില്ലാത്തതിനാൽ പൊതുടാപ്പ് ഉപയോഗിക്കുന്നവരാണ്, പ്രധാനമായും പട്ടികജാതി-പട്ടികവർഗ കോളനികളിലും പുറമ്പോക്കിലും ജീവിക്കുന്നവരാണ്, യാചകരും രോഗികളും കുട്ടികളുമാണ്. ഇത്തരം ആളുകളെ സഹായിക്കാൻ 'ദയാദാക്ഷണ്യ'ത്തിന്റെ പേരിൽ ചില ഗുണഭോക്തൃസമിതികൾ തയ്യാറായേക്കും. എന്നാൽ ദരിദ്രരുടേയും ദുർബലരുടേയും കുടിവെള്ളം ഒരു വിഭാഗത്തിന്റെ 'കാരുണ്യ'ത്തിന്റെ ജാമ്യത്തിലാക്കുന്ന പുത്തൻ നയങ്ങൾക്ക് ഓശാന പാടാനും ഇവിടെ ധാരാളം പേരുണ്ടെന്നതിൽ നമുക്ക് അത്ഭുതം തോന്നിയേക്കാം. എന്നാൽ ഇതെല്ലാം നടപ്പിലാക്കുന്നത് സാമൂഹ്യസേവനത്തിന്റേയും ജനപങ്കാളിത്തിന്റേയും വികേന്ദ്രീകൃത ജനാധിപത്യത്തിന്റേയും സുതാര്യതയുടേയും പരിസ്ഥിതി സംരക്ഷണത്തിന്റേയും പേരിലാണെന്നറിയുമ്പോഴാണ് നാം ഞെട്ടിപ്പോകുന്നത്.

ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകൾ എങ്ങനെ പ്രയോജനപ്പെടുന്നുവെന്നതിനെപ്പറ്റി ലോകമെങ്ങും നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. ലോകബാങ്കിന്റേയും മറ്റും ഫണ്ട് വാങ്ങുന്നുവെന്നതല്ല പ്രശ്നം, ഇത്തരം 'സാമൂഹ്യപ്രവർത്തനങ്ങൾ' ഇവരുടെ ശമ്പളം പറ്റുന്ന തൊഴിൽ ആക്കി മാറ്റുന്നുവെന്നതാണ്. ഇത്തരം സാമൂഹ്യ പ്രവർത്തനം നടത്താനുള്ള പരിശീലനം നൽകുന്ന പുതിയ വിദ്യാഭ്യാസ ശാഖ - എംഎസ്ഡബ്ല്യു - ഇന്ന് വ്യാപകമായി വളർന്നു വരികയാണ്. സാമ്രാജ്യത്വ ആശയങ്ങളെ 'ജനകീയ ഭാഷ'യിൽ അവതരിപ്പിക്കാനാണ് ഈ പരിശീലനം. സാമ്രാജ്യത്വത്തിനെതിരായി തൊണ്ടകീറി വിളിച്ച എഴുപതുകളിലെ യുവസിംഹങ്ങളെ പലരേയും ഇത്തരം 'സാമൂഹ്യ പ്രവർത്തന സംഘടന' കളുടെ തലപ്പത്തിരുത്താൻ അന്താരാഷ്ട്ര സംഘടനകൾ ശ്രദ്ധിക്കുന്നു. അതിവിപ്ലവകാരികൾ അതുവിട്ടാൽ പിന്നെ വന്നെത്തുക അതിവലതുപക്ഷത്തായിരിക്കുമെന്നതിന് നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിൽത്തന്നെയുണ്ടല്ലോ.

മേൽവിവരിച്ച 2003 ജനുവരി 16-ന്റെ ഉത്തരവ് ഒറ്റപ്പെട്ട ഒന്നാണെന്ന് ഈ ലേഖകനഭിപ്രായമില്ല. അതേ ഉത്തരവിൽ 19-3-1998, 23-11-98, 31-8-99, 12-6-2000 എന്നീ നാല് മുൻ ഉത്തരവുകളും സൂചനകളായി നൽകുന്നുണ്ട്. ഇവനാലും സംസ്ഥാനം ഇടതുപക്ഷം ഭരിക്കുമ്പോൾ ഇറക്കിയ ഉത്തരവുകളാണ്. ഇവ 'ജലനിധി' പദ്ധതി ആരംഭിക്കുന്നതിനു മുമ്പുള്ള ഉത്തരവുകളുമാണ്. അതുകൊണ്ടുതന്നെ ഈ 2003 -ലെ ഉത്തരവ് മറ്റൊരു വിധത്തിൽ മുമ്പ് തീരുമാനിക്കപ്പെട്ടതുമാണ്. എന്നാൽ മുൻ ഉത്തരവുകളിലെല്ലാം ഇത്തരം ജലവിതരണ പദ്ധതികൾ പഞ്ചായത്തിന് കൈമാറ്റം ചെയ്യണമെന്നാണ് പറയുന്നത്. ഇതിനാവശ്യമായ ഫണ്ട് പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നു നൽകാമെന്നും വ്യവസ്ഥയുണ്ടായിരുന്നു. ഫലത്തിൽ സംസ്ഥാന സർക്കാരിനുപകരം ഇനിമേൽ ഇവ നടത്തിപ്പിനുള്ള ഉത്തരവാദിത്തം തദ്ദേശഭരണ സർക്കാരുകൾക്കായിയെന്നുമാത്രം. ഇതിൽ പ്രശ്നങ്ങളില്ലെന്നല്ല പറയുന്നത്. പക്ഷെ ഇവിടെ ഏതെങ്കിലുമൊരു സർക്കാർ ഇതിന് ഉത്തരവാദികളാണ്. ജനാധിപത്യ ഘടനയ്ക്കകത്തുനിന്നാണ് ഈ കൈമാറ്റം. എന്നാൽ 2003-ലെ ഉത്തരവിലെ അഞ്ചാമത്തെ സൂചനയായി പറയുന്ന ഒരു കത്താണ് ഇതിന്റെ സ്വഭാവത്തെ ആകെ മാറ്റുന്നത്.


**വരയും വരിയും** **റഫീക് അഹമ്മദ്**




122/OP/KR എന്ന നമ്പറുള്ള 23-10-2002 ലെ ആ കത്ത് എഴുതിയത് ജലനിധി നടപ്പിലാക്കുന്ന കെ.ആർ.ഡബ്ലിയു.എസ്.എ.യുടെ എക്സിക്യൂട്ടീവ് ഡയറക്ടറാണ്. പഞ്ചായത്തുകൾക്കു കൈമാറാതെ ഗുണഭോക്തൃ സമിതിക്കു കൈമാറാനും അതിൽ 75:15:10 അനുപാതത്തിൽ ആവശ്യമായ തുക ഏജൻസിയും ഗുണഭോക്തൃ സമിതിയും ഗ്രാമ പഞ്ചായത്തും നൽകിക്കൊണ്ട് 'ആവശ്യാധിഷ്ഠിത'മായി നടപ്പിലാക്കാനും നിർദ്ദേശിക്കുന്നത് ഈ കത്തുവഴിയാണ്. ഒറ്റയടിക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളെ അപ്രസക്തമാക്കുന്നു. 'ഉപഭോക്താക്കളുടെ സംഘടന'യുടെ കയ്യിലെത്തുന്നു. ഇതിലൂടെ ജലത്തിന്റെ മേഖലയിൽനിന്നും സർക്കാരിനു പൂർണ്ണമായും പിൻവാങ്ങാനുള്ള എളുപ്പവഴിയായി ജലനിധി മാറുന്നു. ജലനിധി പദ്ധതി ഒട്ടനവധി പഞ്ചായത്തുകളിൽ സൃഷ്ടിച്ച പ്രശ്നങ്ങൾ മുമ്പേ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരു സാമ്രാജ്യത്വ നയം നടപ്പിലാക്കാനുള്ള ഏറ്റവും പ്രധാന കണ്ണിയായി അവർ മാറുന്നതാണ് 2003 ജനുവരി 16 -ലെ ഉത്തരവിൽ നാം കാണുന്നത്.

*'തണൽ', കിഴക്കേക്കര റോഡ്, കൊച്ചി-21*

**കേരളീയത്തിൽ ലഭിക്കും**
**ഇപ്പോൾ 125 രൂപ മാത്രം**



**കബീർ** മ്യൂസിക് ഓഫ് ഹാർമണി
മലയാളം ഓഡിയോ സിഡി (60 മി.)
പാടിയത് : പുഷ്പാവതി
വില 150 രൂപ
നിർമ്മാണം : ബിനോയ്നാഥ്, സ്ട്രോബേർഡ്
കോപ്പികൾക്ക് : കേരളീയം കലവറ, തൃശൂർ-21